**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1974** **20-06-2024 - ൽ മറുപടിയ്ക്ക്**

**കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് കർഷകർക്ക് എന്തൊക്കെ സഹായങ്ങളാണ് നല്കിവരുന്നതെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് കർഷകർക്ക് നൽകി വരുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു.<br><br><u>രാത്രികാലങ്ങളിലെ അടിയന്തര വെറ്ററിനറി സേവനം</u><br><br>മൃഗാശുപത്രികളുടെ പ്രവർത്തന സമയ ശേഷം, മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് ആവശ്യമായ അടിയന്തര മൃഗചികിത്സാ സേവനങ്ങൾ കർഷകരുടെ വീട്ടുപടിക്കൽ നൽകുന്നതിന് രാത്രികാല അടിയന്തര വെറ്ററിനറി സേവനം പദ്ധതി നടപ്പിലാക്കുന്നു. രാത്രികാലങ്ങളിൽ അടിയന്തര വെറ്ററിനറി കെയർ സർവ്വീസുകൾ നിലവിൽ സംസ്ഥാനത്തെ 152 ബ്ലോക്കുകളിലും 3 കോർപ്പറേഷനുകൾ, 1 മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലുമായി 156 കേന്ദ്രങ്ങളിൽ ലഭ്യമാക്കുന്നുണ്ട്.<br><br><u>മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ</u><br><br>നിലവിൽ സംസ്ഥാനത്തെ 29 ബ്ലോക്കുകളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ പ്രവർത്തിച്ച് വരുന്നു. കൂടാതെ സംസ്ഥാനത്തെ അവശേഷിക്കുന്ന മറ്റ് ബ്ലോക്കുകളിൽ കൂടി മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി RKI പദ്ധതി മുഖേന സ ഉ (സാധാ) നമ്പർ 274/2023/P&EA (RKI) തീയതി 04/07/2023 പ്രകാരം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരികയാണ്.<br><br><u>ഗോവർദ്ധിനി പദ്ധതി</u> |

| | | | |
|---|---|---|---|
| | | | കന്നുകുട്ടികളുടെ ശാസ്ത്രീയപരിപാലനം ലക്ഷ്യമിട്ട് ഗോവർദ്ധിനി പദ്ധതി നടപ്പിലാക്കിവരുന്നു.<br><br><u>ഗോ സമൃദ്ധി</u><br><br>സമഗ്ര കന്നുകാലി ഇൻഷുറൻസ് പദ്ധതി- കന്നുകാലികളുടെ മരണമോ വൈകല്യമോ കാരണം ഉല്പാദനത്തിലുള്ള കുറവ് മൂലം ഉണ്ടാകുന്ന നഷ്ടത്തിൽ നിന്നുള്ള പരിരക്ഷ ഉറപ്പാക്കുന്ന പദ്ധതി<br><br><u>സമഗ്ര ഫാം എയിഡ് പാക്കേജ് പദ്ധതി</u><br><br>ഈ പദ്ധതിയ്ക്ക് കീഴിൽ ആരോഗ്യ പരിരക്ഷ, തീറ്റപ്പുൽ കൃഷിയ്ക്ക് സഹായം, കാലിത്തീറ്റയ്ക്ക് ധന സഹായം, ഫാം ആധുനിക വത്കരണം തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തുള്ള 45 ഇടത്തരം ഡയറി ഫാമുകൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകും. സംസ്ഥാനത്ത് കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് കർഷകർക്ക് നൽകിവരുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു.<br><br><u>മിൽക്ക് ഷെഡ് വികസന പദ്ധതി</u>യിലൂടെ ഒരു പശു, 2 പശു, 5 പശു, 10 പശു, 20 പശു യൂണിറ്റുകൾ, സ്മാർട്ട് ഡെയറി ഫാം, ഹീഫർ പാർക്ക്, ക്ഷീരതീരം, ക്ഷീരലയം എന്നി പദ്ധതി ഘടകങ്ങളിലൂടെ കർഷകർക്ക് കന്നുകാലികളെ വാങ്ങുന്നതിനും, ക്ഷീര കർഷകരുടെ ഫാമുകൾക്ക് ആവശ്യാധിഷ്ഠിത ധനസഹായത്തിനും കറവ യന്ത്രം വാങ്ങുന്നതിനും ധനസഹായം അനുവദിച്ചു നൽകുന്നുണ്ട്. കൂടാതെ, തെരെഞ്ഞെടുക്കപ്പെട്ട ഗ്രാമ പഞ്ചായത്തുകളിൽ പാലുൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സാങ്കേതിക സഹായത്തോടെ “ക്ഷീരഗ്രാമം” പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. പാൽ ഉത്പാദന ചെലവ് കുറയ്ക്കുന്നതിനും കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി തീറ്റപ്പുൽ കൃഷിക്കുള്ള ധനസഹായം, തരിശുഭൂമിയിൽ തീറ്റ പുൽകൃഷി, പച്ചപ്പുൽ, വൈക്കോൽ, സൈലേജ്, TMR എന്നിവ ക്ഷീരസംഘത്തിൽ നിന്നും വാങ്ങുന്നവർക്ക് ധനസഹായം അനുവദിക്കുന്നു.<br><br>ക്ഷീരമേഖലയിൽ അഭിമുഖീകരിക്കുന്ന പ്രതിസന്ധികളും വെല്ലുവിളികളും തരണം ചെയ്യുന്നതിനായി വ്യക്തിഗത ഗുണഭോക്താക്കൾക്കും സംരംഭകർക്കും ക്ഷീരപരിശീലന കേന്ദ്രം മുഖേന പരിശീലനവും നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഡെയറിഫാം, കാലിത്തൊഴുത്ത് നിർമ്മാണം തുടങ്ങി സർക്കാർ സബ്സിഡി നൽകുന്ന ഏതെല്ലാം ധനസഹായ പദ്ധതികൾ നിലവിലുണ്ടെന്നും, അവ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ; | (ബി) | **2024-25 സാമ്പത്തിക വർഷം മൃഗസംരക്ഷണ വകുപ്പിനായി സമഗ്ര ഫാം എയിഡ് പാക്കേജ് പദ്ധതിയ്ക്ക് ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടുണ്ട്. സമഗ്ര ഫാം എയിഡ് പാക്കേജ് പദ്ധതിയ്ക്ക് കീഴിൽ ആരോഗ്യ പരിരക്ഷ, തീറ്റപ്പുൽ കൃഷിയ്ക്ക് സഹായം, കാലിത്തീറ്റയ്ക്ക് ധന സഹായം, ഫാം ആധുനിക വത്കരണം തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തുള്ള 45 ഇടത്തരം ഡയറി ഫാമുകൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകും. 10 മുതൽ 20 വരെ പശുക്കളുള്ള ഫാമുകൾക്കാണ് പദ്ധതി. ഒരു ഫാമിന് ഒരു ലക്ഷം രൂപ വരെ ആനുകൂല്യം ലഭിക്കും. നടപ്പ് സാമ്പത്തിക വർഷം പദ്ധതിയ്ക്കായി 45 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.**<br><br>**ഫാം ആരംഭിക്കുന്നവർക്കായി 5 പശു യൂണിറ്റ്, 10 പശു യൂണിറ്റ്, 20 പശു യൂണിറ്റ്, യുവാക്കൾക്കായിട്ടുള്ള സ്മാർട്ട് ഡയറി ഫാം എന്നീ പദ്ധതികൾ ക്ഷീരവികസന വകുപ്പ് ധനസഹായത്തോടുകൂടി അനുവദിക്കുന്നു. പ്രസ്തുത പദ്ധതി ഘടകങ്ങൾക്ക് വ്യക്തിഗതമായും ഗ്രൂപ്പുകളായും (കുടുംബശ്രീ/ ജെ.എൽ.ജി/എസ്.എച്ച്.ജി) അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷ സ്വീകരണം മുതൽ ധനസഹായത്തുക ഗുണഭോക്താവിന്റെ ബാങ്ക്അക്കൗണ്ടിൽ എത്തുന്നതു വരെയുള്ള നടപടിക്രമങ്ങൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെയാണ് വകുപ്പ് നടപ്പിലാക്കുന്നത്. 5 പശു യൂണിറ്റിന് 1.5 ലക്ഷം രൂപയും 10 പശു യൂണിറ്റിന് 3.8 ലക്ഷം രൂപയും 20 പശു യൂണിറ്റിന് 7.6 ലക്ഷം രൂപയും സ്മാർട്ട് ഡയറി ഫാമിന് 4.64 ലക്ഷം രൂപയുമാണ് ധനസഹായം അനുവദിക്കുന്നത്.**<br><br>**കാലിത്തൊഴുത്ത് നിർമ്മാണ പദ്ധതിക്കായി ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 50,000/- രൂപയാണ് ക്ഷീരവികസന വകുപ്പ് ധനസഹായം നൽകുന്നത്. ക്ഷീരവികസന വകുപ്പിന്റെ എല്ലാ വ്യക്തിഗത പദ്ധതികൾക്കും അപേക്ഷ സ്വീകരിക്കുന്നതു മുതൽ ധനസഹായം അനുവദിക്കുന്നത് വരെയുള്ള നടപടികൾ ക്ഷീരശ്രീ പോർട്ടൽ മുഖേനയാണ് നടത്തുന്നത്. പുതിയ സംരംഭകർക്കും കാലിവളർത്തൽ മുഖ്യ വരുമാന മാർഗ്ഗമായി സ്വീകരിച്ചിരിക്കുന്നവർക്കും, ക്ഷീരസംഘത്തിലും ക്ഷീരകർഷക ക്ഷേമനിധിയിലും അംഗങ്ങളായവർക്ക് പദ്ധതികൾക്ക് പരിഗണന നൽകി വരുന്നു.** |
| (സി) | പരിപാലന ചെലവ് കുറഞ്ഞതും ഉയർന്ന രോഗ പ്രതിരോധശേഷിയുള്ളതുമായ നാടൻ പശുക്കളെ | (സി) | **പരിപാലന ചെലവ് കുറഞ്ഞതും ഉയർന്ന രോഗ പ്രതിരോധശേഷിയുള്ളതുമായ നാടൻ പശുക്കളെ** |

| | | | |
|---|---|---|---|
| | ആവശ്യാനുസരണം കർഷകർക്ക് ലഭ്യമാക്കുന്നതിന് സർക്കാർ പദ്ധതി ആവിഷ്കരിക്കുമോ; വിശദമാക്കുമോ? | | **ആവശ്യാനുസരണം കർഷകർക്ക് ലഭ്യമാക്കുന്ന പദ്ധതി മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്നില്ല. ഈ പദ്ധതിയുമായി ബന്ധപ്പെട്ട രാഷ്ട്രീയ ഗോകുൽ മിഷൻ പദ്ധതിയുടെ സംസ്ഥാന നോഡൽ ഏജൻസി കെ .എൽ .ഡി ബോർഡാണ്.** |

സെക്ഷൻ ഓഫീസർ